യിരിക്കും. അവരെപ്പറ്റിയല്ല ഞാൻ പറഞ്ഞതു്. നല്ല തുള്ളകം എല്ലാ ഡിപ്പാർട്ടുമെൻറുകളിലും കാണാം. അതു അംഗുലപരിമിതമത്രെ.

Mr. R. Nilakanta Pillai: രജിസ്ട്രേഷൻ ഫീസ് ബ്രിട്ടീഷ് രൂപയാക്കുന്നതിൽ വിരോധമുണ്ടോ?

Mr. J. John Kattakayam: ഇപ്പോഴത്തെ പ്രസ്താവനക്കനുരൂപമായി മേലാലും നടന്നുകൊണ്ടിരിക്കുന്ന പക്ഷം അങ്ങിനെ ചെയ്യുന്നതിൽ ഒരു വിരോധവുമില്ല. നമ്മുടെ ഗവണ്മെൻറിനല്ലേ അതും കൂടി കിട്ടുന്നതു് എന്നെങ്കിലും സമാശ്വസിക്കാമെല്ലോ.

Mr. A. N. Visvanatha Pillai: ഇപ്പോഴുള്ള ഫീസ്സിൽ കവായി വരുന്ന ബ്രിട്ടീഷ് രൂപ ഫീസു മുമ്പത്തണമെന്നല്ലേ മെമ്പർ പറഞ്ഞതു്?

Mr. J. John Kattakayam: അങ്ങനെ ചെയ്താൽ അതു ഒരു വലിയ ഉപകാരമാകും.

Mr. M. Govindan: വട്ടവാശി തിരിയെ കിട്ടുന്നില്ലെന്നുള്ള വിവരം മെമ്പക്കറിയാമെങ്കിൽ അതു ഡയറക്ടറെ അറിയിച്ചിട്ടുണ്ടോ.

Mr. J. John Kattakayam: ഇതു് എന്റെ ജോലിയല്ല. ഇപ്പോഴത്തെ രജിസ്ട്രേഷൻ ഡയറക്ടർ വാസ്തവത്തിൽ മതിയാകുംവണ്ണം ജോലി ചെയ്യുന്നുണ്ട്. എന്നാൽ അദ്ദേഹത്തിനു് വേണ്ട തരത്തിലുള്ള പ്രോത്സാഹനം കൊടുക്കുന്നില്ല. അദ്ദേഹത്തിനെ താങ്ങാൻ ആളില്ല.

Mr. A. N. Visvanatha Pillai: എന്താണു്? ശരീരത്തിനു നല്ല ശക്തിയില്ലേ?

Mr. J. John Kattakayam: അദ്ദേഹത്തിന്റെ സമകാലീനന്മാർ അദ്ദേഹത്തെക്കാൾ ഉയർന്ന നിലയിൽ എത്തിയിട്ടുണ്ടു്.

Mr. M. Govindan: ഞാൻ ചോദിച്ച ചോദ്യത്തിനു മെമ്പർ മറുപടി പറഞ്ഞില്ല.

Mr. J. John Kattakayam: പറഞ്ഞു കഴിഞ്ഞു. ഇനിയും ആവർത്തിക്കണമെന്നുണ്ടോ? ഡിപ്പാർട്ടുമെൻറുകളിലുള്ള അഴിമതികളെല്ലാം കണ്ടുപിടിച്ചു റിപ്പോർട്ട ചെയ്യാനുള്ള ആളല്ല ഞാൻ.

മുമ്പത്തെയോടുക്കൂടി ജോലി ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനു വേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ലെങ്കിൽ അതിൽ അയാം നിരാശ പ്രദർശിപ്പിക്കുക എന്നുള്ളതു് മനുഷ്യസാധാരണമാണു്. ഏതായാലും ആ മനുഷ്യനു പ്രോത്സാഹനം കൊടുക്കുന്നവെന്നുവരുകിൽ ഇതുപോലെയുള്ള അനാസ്ഥകം വരുകയില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

ഒരു മുന്നറിവും കൂടാതെ ഒരു രജിസ്റ്റർ കച്ചേരി പരിശോധിക്കുകയാണെന്നു വരുകിൽ അന്നു രജിസ്ട്രാരുടെ മുമ്പാകെയുള്ള പണവും റിക്കാർഡും പ്രകാരം കാണുന്നപണവും തമ്മിൽ വ്യത്യാസം കാണും.

Mr. Komilezhathu Sankaran: ഇങ്ങനെ മുന്നറിവു കൊടുക്കാതെ ഇപ്പോഴത്തെ രജിസ്ട്രേഷൻ ഡയറക്ടർ ആഫീസുകാരും പരിശോധിച്ചിട്ടുണ്ടെന്നറിയാമോ?

Mr. J. John Kattakayam: ഞാൻ അതിന്റെ കണക്കെടുത്തിട്ടില്ല.

ആധാരങ്ങൾ അന്നന്നു കൊടുക്കാറില്ല. ഡയറക്ടർ അന്നന്നു ആധാരങ്ങൾ കൊടുത്തു കൊള്ളണമെന്നുള്ള ഒരാർഡർ വളരെ നേരത്തെ അയച്ചിട്ടുള്ളതായി എനിക്കറിയാം. എന്നാൽ അതനുസരിച്ച് പ്രവർത്തിച്ചിട്ടുള്ളതായി ഞാൻ അറിയുന്നില്ല.

പകർപ്പിനപേക്ഷിച്ചാൽ ഇന്നതു കൊടുക്കണമെന്നു വച്ചിട്ടുണ്ട്. അതൊക്കെ കൊടുത്താലും സമയത്തിനു പകർപ്പു കിട്ടണമെങ്കിൽ അവരെയെല്ലാം നാം മുൻകൂട്ടി കണ്ടിരിക്കണം. പകർപ്പിനു് അപേക്ഷിക്കുന്ന ആളുടെ ആവശ്യം എത്രത്തോളം വലിച്ചിരിക്കുമോ അത്രത്തോളം ആ ആളിനെ നശിപ്പിക്കുവാനായിരിക്കും ഇവരുടെ ശ്രമം. ഭൂസ്വത്തു് ജാമ്യബാങ്കു് വായ്പ, കൃഷിവായ്പ, ആദിയായവകാര്യങ്ങൾക്കും മറ്റും വേണ്ടി ഹാജരാക്കുന്നതിനുള്ള സർട്ടിഫിക്കറു നേരത്തെ തയ്യാറാക്കി അയക്കണമെങ്കിൽ അതിനു പ്രത്യേകം ഫീസുകാരും വേണമെന്നുണ്ടു. പണത്തിനു വളരെ വിഷമപ്പെട്ടു് ഒരു കൃഷിവായ്പ വാങ്ങിക്കുവാൻ ഒരുമ്പെടുന്നവൻ ഈ സർട്ടിഫിക്കറു വാങ്ങിക്കുവാനും മറ്റും വളരെ ധനം വിനിയോഗിക്കുന്നുണ്ടു്.

ഈ സംഗതികളെല്ലാം ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ വേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതു്.

Rao Sahib Dr: N. Kunjan Pillai: മി: കുട്ടിക്കയത്തിന്റെ പ്രസംഗം ഞാൻ വളരെ ശ്രദ്ധയോടും രസത്തോടും കൂടി കേട്ടു. അതിൽ പറഞ്ഞ കാര്യങ്ങളൊക്കെ രജിസ്ട്രേഷൻ ഡയറക്ടരുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണു്. അദ്ദേഹം അതിനുവേണ്ട പരിഹാരമാർഗ്ഗം ഉണ്ടാക്കുകയും ചെയ്യും.

Mr. J. John Kattakayam: ചീഫ് സെക്രട്ടറി ഈ തരത്തിൽ ഉറപ്പു പറഞ്ഞതു കൊണ്ടും ഇനി എങ്കിലും അഴിമതികൾക്കു ശമനം വരുമെന്നും ഉള്ള വിശ്വാസത്തോടുകൂടി എന്റെ ഉപക്ഷേപത്തെ ഞാൻ പിൻ വലിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The motion was, by leave, withdrawn.

Chairman : I put Demand No XVIII—Registration for a sum of Rs. 3,16,249.

The grant was made.

DEMAND XIX—STAMPS.

Mr. R. Nilakanta Pillai : Sir, I move for a grant of a sum not exceeding Rs. 72,669 under Demand XIX—Stamps.

Chairman: I put Demand XIX stamps for Rs. 72,669.

The grant was made.

DEMAND XX—JAILS.

Rao Sahib Dr. N. Kunjan Pillai: Sir, I rise to move for a grant not exceeding Rs. 83,700 under Jails.

Chairman I put Demand XX—Jails for Rs. 83,700.

The grant was made.

DEMAND XXI—PORTS.

Rao Sahib Dr. N. Kunjan Pillai: Sir, I rise to move for a grant of a sum not exceeding Rs. 21,045 under Demand XXI—Ports.

Mr. A. N. Visvanatha Pillai: സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു. കച്ചവടം അഭിവൃദ്ധിയിൽ കൊണ്ടുവരണമെന്നാഗ്രഹമുള്ള യാതൊരു രാജ്യവും അതിലെ തുറമുഖങ്ങളെ നന്നാക്കാതിരിക്കുകയില്ല. തിരുവിതാംകൂറിൽ നാലു തുറമുഖങ്ങളാണുള്ളതു്. അതിൽ അലപ്പുഴ തുറമുഖം കുറെനാളായി ഉപയോഗമില്ലാതെ കിടക്കുകയാണു്. അവിടത്തെ ഏറുമതിയെല്ലാം കൊച്ചിയിൽ നിന്നാണു് ഇപ്പോൾ നടത്തി വരുന്നതു്. ആ തുറമുഖം നന്നാക്കുന്നതിനു ഒരു ലക്ഷത്തിൽ ചിലചാനം രൂപാ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചതിൽ സന്തോഷിക്കുന്നു. എന്നാൽ മറ്റു തുറമുഖങ്ങളെക്കൂടി നന്നാക്കാതെയിരിക്കുന്നതു തീരെ ഉചിതമല്ല.

കൊച്ചി ഹാർബർ സ്കീമിൽ നാം കൂടി ചേർന്നിട്ടുണ്ടെന്നുള്ള കഥ ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അതിൽ നാം ഒരു ദുർബലകക്ഷിയാണെന്നു ഞാൻ ഗവണ്മെൻറിനെ ഓർമ്മിപ്പിച്ചു കൊള്ളുന്നു.

തുറമുഖ ഉടമ്പടിയിലെ മറെറാരു കക്ഷിയായ കൊച്ചി, ചെറിയ രാജ്യമാകയാൽ ആ രാജ്യത്തോടു ബ്രിട്ടീഷു ഇൻഡ്യക്കു അനുകമ്പക്കവകാശമുണ്ടു്. കൊച്ചി തുറമുഖം ഇൻഡ്യാ ഗവണ്മെൻറു് സ്വന്തമാക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. N. Visvanatha Pillai.]

വാനാണ് അധികമെളുപ്പമുള്ളത്. ഡേവിഡ്സൺ കമ്മിറ്റി കൊച്ചിത്തുറമുഖം ഫെഡറൽ ഗവണ്മെൻറിലേക്ക് ഏൽപ്പിക്കേണ്ടതാണെന്നഭിപ്രായപ്പെട്ടിട്ടുണ്ടെന്നാണ് ഞാൻ അറിയുന്നത്. അങ്ങനെയാണെങ്കിൽ കൊച്ചിത്തുറമുഖമുടമ്പടിയിൽനിന്നും നമ്മെ ഒഴിച്ചുകരുന്ന ആ നിമിഷത്തിലല്ല നാം നമ്മുടെ തുറമുഖങ്ങളെ നന്നാക്കാൻ ഒരുമ്പെടേണ്ടത്. ഇപ്പോൾ ഗവണ്മെൻറിന് ആദായനികുതി വകയിൽ പിരിഞ്ഞു കിട്ടുന്ന സംഖ്യയിൽ സിംഹഭാഗവും തിരുവിതാംകൂറിലെ തുറമുഖങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലുള്ള കച്ചവടക്കാരിൽനിന്നുമാണെന്ന ഗവണ്മെൻറ് മനസ്സിലാക്കണം. നമ്മുടെ തുറമുഖങ്ങൾ നന്നാക്കിയില്ലെങ്കിൽ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം, കുളച്ചൽ എന്നീ സ്ഥലങ്ങളിൽ വലിയ വ്യാപാരികൾ കുറയുകയും നമ്മുടെ വർദ്ധിച്ചുവരുന്ന ഒരു മുതലെടുപ്പായ ആദായനികുതിയെ അതു സാരമായി ശോഷിപ്പിക്കുകയും ചെയ്യും. ഈ സന്ദർഭത്തിൽ മറ്റനവധി വ്യവസായങ്ങളോടൊപ്പം കാഷ്യൂനട്ട് ബിസിനസ്സും വർദ്ധിച്ചു വരുന്നു. കൊല്ലത്തെ തുറമുഖം നന്നാക്കണമെന്നു പറയുമ്പോൾ ഞാൻ ഒരു പ്രാദേശികാവശ്യം ഇതിനിടയിൽ തിരുകിക്കയറ്റുകയാണെന്നു വിചാരിക്കയില്ലെന്നു വിശ്വസിക്കുന്നു.

കടലോരമില്ലാത്ത നാട്ടുരാജ്യങ്ങൾ ദുഃഖിക്കുമ്പോൾ നീണ്ടു നിവർന്ന ഒരു കടലോരവും പ്രകൃതിദത്തമായ നാലു തുറമുഖങ്ങളുമുള്ളതിനെ ഉദാസീനതകൊണ്ട് ഉപയോഗശൂന്യമാക്കരുതെന്നു ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

Mr. J John Kattakayam : കൊച്ചി തുറമുഖകാര്യത്തിൽ തിരുവിതാംകൂർകൂടി ഉൾപ്പെട്ടതു ദിവാൻ മിസ്റ്റർ. വാട്ട്സിന്റെ കാലത്താണ്. അവിടെ ഹാർബർ സ്കീം വന്നതോടുകൂടി കൊച്ചി വളരെ അഭിവൃദ്ധിയെ പ്രാപിച്ചു. എന്നാൽ അതിന്റെ നാലാമത്തെ ഘട്ടം വന്നപ്പോൾ എന്തൊ ചില അസംസ്കൃതകരം മേൽകോയ്മയുമായി ഉണ്ടായിട്ടുണ്ടെന്നു കേൾക്കുന്നു. ഭാരതഖണ്ഡത്തിലെ നാട്ടുരാജ്യങ്ങളിൽ വച്ച് തിരുവിതാംകൂറിലോളം സൗകര്യമുള്ള കടൽത്തീരം വേറെ ഇല്ലെന്നതന്നെ പറയാം. പ്രകൃതിദത്തമായ സൗകര്യങ്ങൾ ധാരാളമിരുന്നിട്ടും നമുക്ക് അനേകം തുറമുഖങ്ങൾ ഉണ്ടായിരുന്നിട്ടും അവയിലൊന്നിലും ദുഷ്ടിപതിപ്പിക്കാതെ നമുക്ക് ഒരു തരത്തിലും അടുക്കുവാൻ യോഗ്യതയില്ലാത്ത മദ്ധ്യകൃതികളുമായി പങ്കുകൂടുവാൻ പോയതിന്റെഫലം ഇപ്പോഴും അ

LIBRARY ARCHIVES Kerala Legislative Assembly

നടപടിച്ചുതുടങ്ങിയിരിക്കുന്നു. ആലപ്പുഴ തുറമുഖത്തു് മണ്ണുവന്നടിയുന്നതിനാൽ കപ്പൽ വന്നടുക്കുന്നതിനു് സൗകര്യമില്ലാതിരിക്കുന്നതായി കാണുന്നു. ആ തുറമുഖത്തെ കുറേക്കൂടി കാര്യക്ഷമമായി നയിക്കുന്നതിനു് ഡിപ്പാർട്ടുമെൻറു് ശ്രദ്ധിക്കേണ്ടതാണു്. കൊല്ലം പ്രത്യേകിച്ചും നീണ്ടകര, നന്നാക്കി എടുക്കുന്നപക്ഷം, എറണാകുളത്തോടു സാദൃശ്യപ്പെട്ടത്താവുന്നതാണു്. അതിലേക്കു നമുക്കു ദൂരെഎങ്ങും പോകുകയോ അന്യ ഗവണ്മെൻറിനെ ആശ്രയിക്കുകയോ ചെയ്യേണ്ടതില്ല. പ്രകൃതിദത്തമായ സൌകര്യങ്ങൾ അവിടെയുള്ളതുകൊണ്ടു് ശ്രദ്ധിക്കുന്നപക്ഷം കൊല്ലം ഒരു നല്ല തുറമുഖമാക്കാവുന്നതാണു്. അതുപോലെതന്നെ തിരുവനന്തപുരത്തും കൊച്ചുലിലും മറ്റും പഴയ തുറമുഖം നന്നാക്കുന്നതു നമ്മുടെ കച്ചവടാഭിവൃദ്ധിക്കും നമ്മുടെ സാമ്പത്തികസ്ഥിതി കുറെക്കൂടി നന്നാക്കുന്നതിനും പര്യാപ്തമായിരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ മി. വിശ്വനാഥപിള്ള മഹാരാക്കിയ ഉപക്ഷേപത്തോടനുകൂലിച്ചു കൊള്ളുന്നു.

Mr. M. N. Narayana Menon : ഇന്നു് കൊച്ചി തുറമുഖം സംബന്ധിച്ചു് അഭിപ്രായങ്ങളുടേയും ശ്രദ്ധയിൽ പെട്ടിരിക്കുകയാണു്. നമ്മുടെ ഗവണ്മെൻറും അതിൽ സംബന്ധിച്ചിരിക്കുന്നു. എന്നാൽ അതിൻെറ നാലാംഘട്ടത്തെ സംബന്ധിച്ച പല വിവരങ്ങളും കേൾക്കുന്നുണ്ടു്. കൊച്ചി ഗവണ്മെൻറും ഇതിൽ സംബന്ധിച്ചിട്ടുണ്ടു്. എന്നാൽ കൊച്ചി ഗവണ്മെൻറു് ഇതുവരെയും പ്രവർത്തിച്ച സംഗതികൾ കൊച്ചിയിലെ ജനസാമാന്യത്തെ ധരിപ്പിച്ചിട്ടുണ്ടു്. നമ്മുടെ ഗവണ്മെൻറു്, നമ്മുടെ രാജ്യത്തിനു ഗുണകരമായിട്ടുള്ള വിധത്തിൽ വേണ്ടതെല്ലാം പ്രവർത്തിക്കുമെന്നിരുന്നാലും ഇതേപറ്റി യാതൊരുവിവരവും പ്രസിദ്ധപ്പെടുത്തിക്കാണുന്നില്ല. ഇക്കാര്യം നമ്മെ മറയ്ക്കേണ്ട ആവശ്യം യാതൊന്നുകൊണ്ടുമില്ല. തുറമുഖസംബന്ധമായി ഇതുവരെയും നടന്ന സംഗതികളെപ്പറ്റി ഒരു പ്രസ്സ്കമ്മൂണിക്കു് പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

Rao Sahib Dr. N. Kunjan Pillai: Sir, the Cochin Harbour question is now engaging the attention of the Government of India As honourable members know there was a conference in Simla a couple of months back and as no definite conclusion was reached at that conference another conference will be held, I believe, in September or October. It is too early to announce to the public the results of the previous conference and one cannot say what the result of the next conference is going to be. I would say, Sir, it is

LIBRARY ARCHIVES Kerala Legislative Assembly